ഉത്തരം

(എ) വ്യവസായ വകുപ്പ്, ഗ്രാമവികസനവകുപ്പ് പട്ടികജാതി-പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ എന്നിവിടങ്ങളിൽ നിന്ന് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വായ്പ നൽകുന്നു.

(ബി)&(സി) ഉദ്യോഗസ്ഥജാമ്യം ആവശ്യമായി വരുന്ന കേസുകളിൽ വായ്പ ലഭിക്കാൻ ബുദ്ധിമുട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ പി.എം.ആർ.വൈ. പദ്ധതി പ്രകാരം ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ജാമ്യം വേണ്ട. കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നൽകുന്ന 50,000 രൂപ വരെയുള്ള വായ്പക്ക് ഒരു ഉദ്യോഗസ്ഥ ജാമ്യവും അതിന് മുകളിലുള്ള തുകയ്ക്ക് രണ്ട് ഉദ്യോഗസ്ഥ ജാമ്യവും കൂടാതെ ഉദ്യോഗസ്ഥ ജാമ്യമില്ലെങ്കിൽ വസ്തു ജാമ്യവും വായ്പത്തുക യഥാസമയം തിരിച്ചടക്കുന്നു എന്നുറപ്പു വരുത്താൻ നിഷ്കർഷിക്കുന്നു. കോർപ്പറേഷൻ നൽകുന്ന വായ്പത്തുക തിരിച്ചടച്ചാലേ കൂടുതൽ ഗുണഭോക്താക്കൾക്ക് വീണ്ടും വായ്പ നൽകുവാൻ കോർപ്പറേഷന് സാധിക്കൂ. പട്ടികജാതി വികസന വകുപ്പ് നൽകുന്ന വായ്പയുടെ നിബന്ധനകളിൽ 3/5/99-ലെ ജി.ഒ (എം.എസ്) 47/99/പജ.പവ.വി.വ. വകുപ്പ് ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്.

7 (1550) പുറംപോക്കുകളിൽ താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുറംപോക്കുകളിൽ താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ പുനരധിവാസത്തിനായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) തൊഴിൽരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ യുവജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പുറമ്പോക്ക് നിവാസികളായ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനുവേണ്ടി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പട്ടയം ലഭിക്കാൻ സാധ്യത ഇല്ലാതെ പുറമ്പോക്കുകളിൽ താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരെ പുനരധിവസിപ്പിക്കുന്നതിന് ഭൂമി വാങ്ങുന്നതിനായി 15,000 രൂപയും ഭവന നിർമ്മാണത്തിനായി 35,000 രൂപയും ധനസഹായം നൽകുന്നു. (ദുർഘട പ്രദേശങ്ങളിൽ വസിക്കുന്ന പട്ടിക വർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിന് 20 ശതമാനം അധിക തുകയും നൽകുന്നു). പട്ടികജാതിക്കാർക്കുവേണ്ടി ജില്ലാ പഞ്ചായത്തുകളും പട്ടികവർഗ്ഗക്കാർക്കുവേണ്ടി ഐ.റ്റി.ഡി.പി./ട്രൈബൽ ഡവലപ്മെന്റ് ആഫീസർമാരുമാണ് ഈ പദ്ധതിയുടെ ചുമതല വഹിക്കുന്നത്.

(സി) അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly